**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3549** **08-10-2025 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ പട്ടയവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ കയറാടി വില്ലേജിൽ പയ്യാങ്കോട് താമസിക്കുന്ന 22 കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | നെന്മാറ മണ്ഡലത്തിലെ കയറാടി വില്ലേജിൽ പയ്യാങ്കോട് താമസിക്കുന്ന 22 കുടുംബങ്ങൾക്ക് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ജില്ലാകളക്ടറുടെ കാര്യാലയത്തിൽ തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (ബി) | 70 വർഷത്തിലധികമായി പ്രസ്തുത സ്ഥലത്ത് സ്ഥിര താമസമാക്കിയിട്ടുള്ള 22 കുടുംബക്കാർക്ക് അടിയന്തരമായി പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; അതിനായി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ? | (ബി) | കയറാടി വില്ലേജിൽ ശ്രീ. ഉസ്സനാർ റാവുത്തർ എന്നവരിൽ നിന്നും അന്യ കൈവശത്തോടു കൂടി ഏറ്റെടുത്ത മിച്ചഭൂമിയിൽ കുടിയായ്മ തെളിയിക്കാൻ കഴിയാത്ത 22 കുടുംബങ്ങളെ ഒഴിപ്പിക്കുന്നത് പ്രായോഗികമല്ലെന്നും, ടി ഭൂമി പതിച്ച് നൽകുന്നതിന് കേരള ഭൂപരിഷ്കരണ നിയമം, 1963 പ്രകാരം ഫോറം 16 പരസ്യപ്പെടുത്തി നിലവിലെ കൈവശക്കാരെ ഒഴിപ്പിച്ച് ഭൂമി ഏറ്റെടുത്ത് പുറമേ നിന്നുള്ളവർക്ക് വിതരണം ചെയ്യുന്നത് ടി കേസ്സിൽ പ്രായോഗികമല്ലാത്തതും, ആയതിനാൽ ടി ഭൂമി കൈവശക്കാർക്കു തന്നെ പതിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതുമാണ്.<br>പ്രസ്തുത മിച്ചഭൂമി കേസിൽ ബന്ധപ്പെട്ട താലൂക്ക് ലാൻഡ് ബോർഡിൽ നിന്നും ഉണ്ടായിട്ടുള്ള ഉത്തരവുകളിൽ വ്യത്യാസം ഉള്ളതായി ഫയലിൽ പരാമർശിച്ച് കാണുന്നതിനാലും, കുടിയായ്മ തെളിയിക്കുന്ന രേഖകൾ സമർപ്പിച്ച വ്യക്തികൾക്ക്, വിട്ടുകൊടുത്ത ഭൂമിയെ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതുള്ളതിനാലും, ടി മിച്ചഭൂമി കേസിലെ അവസാനമായി ഏറ്റെടുക്കാൻ ഉത്തരവായ ഭൂമി സംബന്ധിച്ചുമുള്ള ഒരു വിശദമായ റിപ്പോർട്ട് താലൂക്ക് ലാൻഡ് ബോർഡിൽ നിന്നും ലഭ്യമാക്കിയതിൽ, SM 375/78 നമ്പർ മിച്ചഭൂമി കേസ് റിക്കാർഡുകൾ CRP(LR) 121/2013 നമ്പർ കേസിന്റെ ആവശ്യത്തിലേയ്ക്കായി 13/11/2014 ന് ബഹു. ഹൈക്കോടതിയിലേയ്ക്ക് കൈമാറിയിട്ടുള്ളതും, നിലവിൽ ടി റിവിഷൻ പെറ്റീഷൻ ബഹു. |

| | | | |
|---|---|---|---|
| | | | ഹൈക്കോടതിയിൽ പെൻഡിംഗ് ഉള്ളതും ടി കേസ് റിക്കാർഡുകൾ തിരികെ ലഭ്യമായാൽ മാത്രമേ, ടി എൽ ബി ഉത്തരവുകളിൽ ഉണ്ടായിട്ടുള്ള വ്യത്യാസം പരിശോധിച്ച് ടി വിഷയത്തിൽ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ . ആയത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ